യഹൂദരും അറബികളും യേശുവില് ഒന്നായി

ജിബി വർഗ്ഗീസ് മീനടം

ക്രിസ്തുവിൽ ഒന്നായവർ: യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച അറബ് –യഹൂദ മതവിശ്വാസികൾ പന്തക്കുസ്താദിനം നസറത്തിൽ ഒരുമിച്ചുകൂടി പരസ്പരം കാൽകഴുകൽ നടത്തുന്നു.

ടെല്അവീവ്: യെശ്യയ്യാ പ്രവചനം 11-ാം അധ്യായം 6-10 വരെ വാക്യങ്ങളില് പ്രതിപാദിച്ചിരിക്കുന്നതിന് തുല്യമായ ചില സം'വങ്ങള് അടുത്തിടെ യിസ്രായേലില് പ്രത്യേകിച്ച് യേശുവിന്റെ സ്വന്തദേശവും ലോകത്തിന്റെ ക്രോസ്റോഡ്സ് സ്ഥിതിചെയ്യുന്ന പ്രദേശവുമായ നസറേത്തില് അരങ്ങേറുകയുണ്ടായി.പാമ്പും കീരിയും പോലെ ശത്രുത്വത്തില് കഴിയുന്ന യഹൂദരിലും പലസ്തീന്അറബ് വംശജരിലും പെട്ട ചിലര് യേശുവില് ഒന്നായി പരസ്പരം തോളോട്തോള് ചേര്ന്ന് ശുശ്രൂഷിക്കുന്നതായിരുന്നു ആ കാഴ്ച്ച.

യഹൂദമതപ്രകാരമുള്ള വിശേഷദിവസമായ ഷാവൂത്ത് അഥവാ പെന്റകോസ്റ്റ് നാളിനോട് അനുബന്ധിച്ച് മെസ്യാനിക്ക് യഹൂദര് നടത്തുന്ന ഗ്ലോബല് പ്രെയര്മീറ്റിന്റെ ഭാഗമായാണ് യഹൂദമതത്തില് നിന്നും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരും ഇസ്ലാമതത്തില് നിന്ന് യേശുവിനെ രക്ഷിതാവായി അംഗീകരിച്ച പലസ്തീനി അറബ്വംശജരും ഒത്തുകൂടിയത്. നസറേത്തിലെ ഹൗസ് ഓഫ് പ്രെയര് ആന്റ് എക്സ്പ്ലോയിറ്റ്സ് അഥവാ ഹോപ്പ് എന്ന മെസ്യാനിക്ക് ജൂത സംഘടനയുടെ ആസ്ഥാനത്താണ് ഈ അപൂര്വസഹോദരസംഗമം അരങ്ങേറിയത്.

രാഷ്ട്രീയ-മതവൈര്യം മറന്ന് ഇരുകൂട്ടരും ഒന്നു ചേര്ന്ന് തങ്ങളെ വിടുവിച്ച ദൈവത്തെ ആരാധിക്കുന്നതും പരസ്പരം ശുശ്രൂഷിക്കുന്നതും ഇത് നാലാം

തവണയാണ്. ഓരോ വര്ഷവും പങ്കെടുക്കുന്നവരുടെ എണ്ണം വര്ധിച്ചുവരുന്നതായി സംഘാടകര് അഭിപ്രായപ്പെട്ടു. യഹൂദവംശജരും അറബ്വംശജരുമായ എകദേശം 750 പേരോളം ഇത്തവണത്തെ ഗ്ലോബല് പ്രെയര്മീറ്റില് പങ്കെടുത്തതായി ഹോപ്പ് അധികൃതര് വെളിപ്പെടുത്തി.

ശത്രുതയെല്ലാം മറന്ന് സ്നേഹവും പരസ്പരബഹുമാനവും നിറഞ്ഞുനിന്ന അന്തരീക്ഷമായിരുന്നു ഗ്ലോബല് മീറ്റെന്ന് ഹോപ്പ് ഡയറക്ടര് റാനിയ സായേഗ് അഭിപ്രായപ്പെട്ടു. ലോകം മുഴുവനും പ്രത്യേകിച്ച് യഹുദരും അറബ് വംശജരും യേശുവിനെ അറിയുന്നതിലൂടെ ശാശ്വത സമാധാനം കൈവരിക്കാനാകുമെന്ന സന്ദേശം നല്കാനും ആഗോളസമൂഹത്തിന്റെ മാനസാന്തരത്തിന് വേണ്ടി പ്രാര്ഥിക്കാനുമാണ് ഗ്ലോബല് പ്രെയര്മീറ്റ് സംഘടിപ്പിച്ചിരിക്കുന്നത്. ആരാധനയുടെ ആദ്യം മുതല് അവസാനം വരെ പരിശുദ്ധാത്മാവിന്റെ വലിയ സാന്നിധ്യം നിറഞ്ഞുനിന്നതായും കടന്നുവന്നവരില് പലര്ക്കും അത്മീകവും ശാരീരികവുമായ മാനസാന്തരവും സൗഖ്യവും സന്തോഷവും അനു'വിക്കാനിടയായതായും റാനിയ കൂട്ടിചേര്ത്തു.

യേശു ഒരുവന്റെ ജീവിതത്തില് വന്നാല് സാമുദായിക, മത,രാഷ്ട്രീയവിവേചനത്തിന്റെയും പരസ്പരവിദ്വേഷത്തിന്റെയുമെല്ലാം മതിലുകളും ഇടിഞ്ഞുവീഴുമെന്നതാണ് ഗ്ലോബല്മീറ്റില് ദര്ശിക്കാനായതെന്ന് പങ്കെടുത്തവര് അഭിപ്രായപ്പെട്ടു. അറബിക്ക്, ഹീബ്രു, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലാണ് അരാധനകള് സംഘടിപ്പിച്ചത്. ആരാധനയ്ക്ക് ശേഷം നടന്ന സ്നേഹവിരുന്നിന് മുന്പ് ഒത്തുചേര്ന്നവര് പരസ്പരം കാല്കഴുകല് ശുശ്രൂഷകളും ജൂതആചാരപ്രകാരം ഗ്ലോബല് മീറ്റിനോട് അനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.